അന്യസംസ്ഥാന ലോട്ടറി മാഫിയ

173 (4164) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നതിനുള്ള സജീവ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോട്ടറി തട്ടിപ്പ് നടത്തി വിവാദത്തിലായ വ്യക്തി ബിനാമിയായി അന്യസംസ്ഥാന ലോട്ടറി സംസ്ഥാനത്ത് വിറ്റഴിക്കുന്നതിന് നടത്തുന്ന നീക്കമാണ് ഇതിനു പിന്നിലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന ലോട്ടറി വില്പന സംബന്ധിച്ച പ്രശ്നത്തിൽ കേന്ദ്ര സർക്കാർ ഹിയറിംഗ് നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) അന്യസംസ്ഥാന ലോട്ടറി മാഫിയകൾക്ക് സംസ്ഥാനത്ത് കടന്നുവരാൻ അവസരം ലഭിച്ചാൽ സംസ്ഥാന ലോട്ടറിയെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഗോവ, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളുടെയും ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിലിന്റെയും ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഗോവ, നാഗാലാന്റ് എന്നീ ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിൽ, മിസോറാം എന്നിവയുടെ അപേക്ഷകൾ ലോട്ടറി നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധനയിലാണ്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി&ഡി) സിക്കിം ലോട്ടറി കേരളത്തിൽ നിരോധിച്ചതിനെതിരെ പ്രൊമോട്ടർ, ഗോഹട്ടി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കോടതിയുടെ ജുറിസ്ഡിക്ഷനിൽ വരുന്നതല്ലാത്തതിനാൽ കേസ് തള്ളുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിനെത്തുടർന്ന് ഡൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള W.P. (C)No.7768/2012-നേൽ ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്ന് കേരള ഗവൺമെന്റിന് ഹിയറിംഗിനായി നോട്ടീസ് ലഭിച്ചിട്ടുണ്ട്. സിക്കിം ലോട്ടറി പ്രൊമോട്ടർമാർ കേരളത്തിൽ നടത്തിയിട്ടുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സി.ബി.ഐ. ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിൽ കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്നതുവരെ, സിക്കിം ലോട്ടറിക്ക് കേരളത്തിൽ പ്രവർത്തിക്കുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിരോധനം നീട്ടിക്കിട്ടണമെന്ന് കേരള സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടാണ് ഇക്കാര്യത്തിലും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) പരിശോധിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി സമ്മാനഘടന പരിഷ്കരണം

174 (4165) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(ബി) ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുമൂലം വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) എന്ന് മുതലാണ് ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൗർണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി, 7 സീരീസുകളിലായി പരമാവധി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. ഒന്നാം സമ്മാനത്തുക 65 ലക്ഷം രൂപയായി ഉയർത്തുകയും പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും ചെറിയ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ചെറിയ സമ്മാനത്തുക 100 രൂപയാക്കി പരിഷ്കരിച്ചു. വ്യാഴാഴ്ചകളിൽ നറുക്കെടുത്തിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്നാക്കി, മുഖവില 40 രൂപയിൽ നിന്നും 50 രൂപയാക്കി വർദ്ധിപ്പിക്കുകയും ഒന്നാം സമ്മാനം 75 ലക്ഷം രൂപയിൽനിന്നും 1 കോടി രൂപയാക്കി പരിഷ്കരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly